**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3938** **15-07-2022 - ൽ മറുപടിയ്ക്ക്**

**സൗജന്യ മെഡിക്കൽ ഇൻഷുറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ബ്രിഗേഡിന്റെ ഭാഗമായി താൽക്കാലിക ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പ്രത്യേക മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | കോവിഡ് ബ്രിഗേഡിന്റെ ഭാഗമായി താൽക്കാലിക ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പ്രത്യേക മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ കോവിഡ് ബാധിച്ച മരിക്കുന്ന ആരോഗ്യ പ്രവർത്തകരായ വ്യക്തികൾക്ക് കേന്ദ്ര സർക്കാരിന്റെ പ്രധാൻ മന്ത്രി ഗരീബ് കല്യാൺ പാക്കേജ് (PMGKP) എന്ന പരിരക്ഷ നിലവിൽ ഉണ്ട്. ഗരീബ് കല്യാൺ പാക്കേജ് (PMGKP) പരിരക്ഷയ്ക്ക് അർഹരായ 39 പേർക്ക് നാളിതു വരെ ആനുകൂല്യം നൽകിയിട്ടുണ്ട്. |
| (ബി) | കോവിഡ് ബാധിതരായവർക്ക് ഉണ്ടാകുന്ന ഏതെല്ലാം ദീർഘകാല രോഗങ്ങളും ആരോഗ്യ പ്രശ്നങ്ങളുമാണ് സൗജന്യ മെഡിക്കൽ ഇൻഷ്വറൻസ് സംവിധാനത്തിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കോവിഡ് അനുബന്ധ രോഗബാധിതരായ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള സർക്കാർ / സ്വകാര്യ കോവിഡ് ആശുപത്രികൾ വഴി സൗജന്യ ചികിത്സ നൽകി വരുന്നു. കൂടാതെ, മൾട്ടി സിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം, മ്യൂക്കർ മൈക്കോസിസ് തുടങ്ങിയ കോവിഡാനന്തര രോഗങ്ങൾ ബാധിച്ച BPL/KBF ഗുണഭോക്താക്കൾക്കും സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകി വരുന്നു. |
| (സി) | കോവിഡ് ബാധിതരായവർക്ക് ഉണ്ടാകുന്ന ദീർഘകാല രോഗങ്ങൾക്കും ആരോഗ്യ പ്രശ്നങ്ങൾക്കും പരിരക്ഷ ഉറപ്പ് വരുത്തുന്ന രീതിയിൽ സൗജന്യ മെഡിക്കൽ ഇൻഷ്വറൻസ് സംവിധാനം പരിഷ്കരിക്കുന്നത് പരിഗണിക്കാമോ? | (സി) | കോവിഡ് അനുബന്ധ രോഗബാധിതരായ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള സർക്കാർ / സ്വകാര്യ കോവിഡ് ആശുപത്രികൾ വഴി സൗജന്യ ചികിത്സ നൽകി വരുന്നു. കൂടാതെ, മൾട്ടി സിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം, മ്യൂക്കർ മൈക്കോസിസ് തുടങ്ങിയ കോവിഡാനന്തര രോഗങ്ങൾ ബാധിച്ച BPL/KBF ഗുണഭോക്താക്കൾക്കും സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ